കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുല്ലശ്ശേരി ഗ്രാമ പഞ്ചായത്ത്

2017-18

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എടി.എസ്.ആർ(പി5 )141 /2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ – 6800020
ഫോൺ : 0487-2331249
ഇ-മെയിൽ :dotsr.ksad@kerala.gov.in
തീയതി: 06.05.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

മുല്ലശ്ശേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ്നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എടി.എസ്.ആർ(പി5 ) 141/2019 തിയ്യതി : 06.05.2019

# തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.12.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സൈമൺ.കെ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.1.2019 മുതൽ 19.1.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ബേബി.പി.വി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി വിദ്യ വിക്രമൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ലിഷ കെ.വി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജീജോ ജോബ് | ഓഡിറ്റർ |

നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എ.കെ.ഹുസൈൻ | 01-04-2017 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീമതി.എ.എം.പങ്കജം | 01-04-2017 മുതൽ 22-12-2017 FN വരെ |
| | ശ്രീ.ലിൻസ് ഡേവിഡ്.വി. | 22-12-2017AN മുതൽ 23-12-2017 FN വരെ |
| | ശ്രീ.കെ.എസ്.ജോസ് മോൻ, അസി.സെക്രട്ടറി( ഇൻ ചാർജ്ജ്) | 23-12-2017AN മുതൽ 03-01-2018 AN വരെ |
| | ശ്രീ.ലിൻസ് ഡേവിഡ്.വി. | 04-01-2018 മുതൽ 31-03-2018 വരെ |
| | നിർവ്വഹണ ഉദ്യോഗസ്ഥർ | |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീമതി. വിനീത അശോകൻ | 01-04-2017 മുതൽ 31-07-2017 വരെ |
| | ശ്രീമതി. രാജിമോൾ.വി.രാജു | 01-08-2017 FN മുതൽ 28-09-2017 വരെ |
| | ശ്രീമതി. വിജിത.കെ.വി. | 29-09-2017 FN മുതൽ 31-03-2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സ്മിത.സി.ഫ്രാൻസിസ് | 01-04-2017മുതൽ 25-08-2017 FN വരെ |
| | ശ്രീമതി.റിസമോൾ സൈമൺ | 25-08-2017AN മുതൽ 31-03-2018 വരെ |
| വി.ഇ.ഒ സർക്കിൾ, മുല്ലശ്ശേരി | ശ്രീ. ജയദീപ്.ടി | 01-04-2017 മുതൽ 30-06-2017 FN വരെ |
| | ശ്രീമതി.അഞ്ജന. | 30-06-2017 AN മുതൽ 07-07-2017 FN വരെ |
| | ശ്രീ.പ്രകാശൻ | 07-07-2017 AN മുതൽ 31-03-2018 വരെ |
| വി.ഇ.ഒ സർക്കിൾ, പറമ്പത്തള്ളി | ശ്രീ. ജയദീപ്.ടി | 01-04-2017 മുതൽ 30-06-2017 FN വരെ |
| | ശ്രീമതി. അഞ്ജന. | 30-06-2017 AN മുതൽ 07-07-2017 FN വരെ |
| | ഒഴിവ് | 07-07-2017 AN മുതൽ 12-07.2017 വരെ |
| | ശ്രീമതി.സിന്ധു. | 14-11-2017 മുതൽ 05-01-2017 വരെ |
| | ശ്രീ.അജിത് കുമാർ | 14-11-2017 AN മുതൽ 05-01-2017 FN വരെ |
| | ശ്രീ.പി.വി.രാജു | 05-01-2018 AN മുതൽ 21-02-2018 FN വരെ |
| | ഒഴിവ് | 21-02-2018 AN മുതൽ 25-02-2018 വരെ |
| | ശ്രീ.അജിത് കുമാർ | 26-02-2018 മുതൽ 13-03-2018 വരെ |
| | ഒഴിവ് | 14-03-2018 മുതൽ 31-03-2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. പി.എ.ഫ്രാൻസിസ് | 01-04-2017 മുതൽ 31-03-2018 വരെ |

| | | |
|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ജിഷ.കെ.ബി. | 01-04-2017 മുതൽ 24-11-2017FN വരെ |
| | ശ്രീമതി. ആമിന.പി.ബി. | 24-11-2017AN മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. എ.എം.രാമചന്ദ്രൻ | 01-04-2017 മുതൽ 31-03-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സ്റ്റെല്ല.വി.ഡി. | 01-04-2017 മുതൽ 31-03-2018 വരെ |
| അസി. സെക്രട്ടറി | ശ്രീമതി അനുപമ.എ.വി. | 01-04-2017 മുതൽ 08-05-2017 വരെ |
| | ശ്രീമതി. പി.എ.ഷൈല. | 09-05-2017 മുതൽ 18-06-2017 വരെ |
| | ശ്രീ.കെ.എസ്. ജോസ് മോൻ | 19-06-2017 മുതൽ 31-03-2018 വരെ |
| പ്രധാന അദ്ധ്യാപകൻ | ശ്രീ. ജാൻസി.സി.ടി. | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സുഹാന എ.ഐ. | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഷൈനി.കെ.എം. | 01-04-2017 മുതൽ 30-08-2017 വരെ |
| | ഡോ.നീലകണ്ഠൻ.എ. | 31-08-2017 മുതൽ 31-03-2018 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ടെണ്ടർ വില്പന – ഇ-ടെണ്ടർ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല. | 2-1 |

| | | |
|---|---|---|
| 14 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ | 2-2 |
| 15 | ഡി & ഒ ലൈസൻസ് സംബന്ധിച്ച പൊതു അപാകതകൾ | 2-3 |
| 16 | വസ്തു നികുതി സംബന്ധിച്ച് | 2-4 |
| 17 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2-5 |
| | ഭാഗം 3 | |
| 22 | പ്രത്യേക കന്നുകുട്ടി പരിപാലനപരിപാടി -പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ സബ്സിഡിവിഹിതം തിരികെ അടവാക്കേണ്ടതാണ് | 3-1 |
| 23 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുന്നു | 3-2 |
| 24 | ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തിയത് -മാനദണ്ഡങ്ങൾ പാലിച്ചില്ല | 3-3 |
| 25 | തെരുവ് വിളക്ക് പരിപാലനം - എ എം സി നൽകൽ | 3-4 |
| 26 | വാതക ശ്മശാനം -2014-15 കാലയളവിൽ പ്രവർത്തി ആരംഭിച്ച 2017-18 ലും പൂർത്തിയാക്കിയിട്ടില്ല | 3-5 |
| 27 | മെഡിക്കൽ ഓഫീസർ പി എച്ച് സി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-6 |
| 28 | ഭവന നിർമ്മാണം ലൈഫ് ജനറൽ- അഡ്വാൻസ് തുക കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിച്ചില്ല | 3-7 |
| 29 | വാർഡുതല ശുചീകരണ പ്രവർത്തനങ്ങൾ- ചെലവ് രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയി ല്ല. ചെലവ് തടസ്സപ്പെടുത്തുന്നു. | 3-8 |
| 30 | അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-9 |
| 31 | പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അവലോകനം. | 3-10 |
| | ഭാഗം 4 | |
| 43 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 44 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 46 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 47 | സ്ഥിര നിക്ഷേപം | 4-5 |
| 48 | ഓഡിറ്റ് റിക്കവറി | 4-6 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |
| 51 | അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 52 | അനുബന്ധം 2 റസീറ്റ് & പേയ്മെന്റ് പത്രിക, ഇൻകം &എക്സ്പെൻഡിച്ചർ പത്രിക, ബാലൻസ് ഷീറ്റ് ) | |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

22-03-2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 07-03-2018 തീയതിയിലെ 16-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 22-06-2018 | - | 23-06-2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25-06-2018 മുതൽ 26-06-2018 വരെ | കെ.എസ്.എ ടി.എസ്.ആർ(ഇ3)1150/18(46) തീയതി 10-07-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9158942 |
| വരവ് | 55345956 |
| ആകെ | 64504898 |
| ചെലവ് | 53018782 |
| നീക്കിയിരിപ്പ് | 11486116 |

## 1-5 ഫണ്ട് വിനിയോഗം

| | | ഫണ്ടിനം | | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|---|
| | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി | | | |
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 10925829 | 10925829 | 9473485 | 1452344 | | | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 7677309 | 7677309 | 7328822 | 348487 | | | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | - | - | - | - | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 8137337 | 8137337 | 8082846 | 54491 | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2923453 | 2923453 | 2909959 | 13494 | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 5112439 | 5112439 | 4125370 | 987069 | | | |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 2196293 | 2196293 | 1948703 | 247590 | | | |
| സാക്ഷരത | | 0 | 139200 | 139200 | 139200 | 0 | | | |
| ദുരിതാശ്വാസനിധി | | 4353 | 434 | 4787 | 0 | 4787 | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 7885269 | 7885269 | 7885269 | 0 | | | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 10255 | 962473 | 972728 | 491144 | 481584 | | | |
| | മെറ്റീരിയൽ | | 1739230 | 1739230 | 1739230 | | | | |
| | ആകെ | 10255 | 10586972 | 10597227 | 10115643 | 481584 | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- (ഐ.സി.ഡി.എസ്) | | 300659 | 480156 | 780815 | 434234 | 346581 | | | |

| | | | | | | |
|---|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ – ബി ഫണ്ട് (പ്രൊഡക്ഷൻ ബോണസ്) | | 0 | 903174 | 903174 | 903174 | 0 |
| വിധവകളുടെ മക്കളുടെ വിവാഹ ധനസഹായം | | 0 | 180000 | 180000 | 180000 | 0 |
| തൊഴിൽ രഹിത വേതനം | | 0 | 54960 | 54960 | 54960 | 0 |
| കർഷക തൊഴിലാളി പെൻഷൻ | | 0 | 6940700 | 6940700 | 6940700 | 0 |
| വിധവ പെൻഷൻ | | 0 | 11028100 | 11028100 | 11028100 | 0 |
| വാർദ്ധക്യകാല പെൻഷൻ | | 0 | 16777900 | 16777900 | 16777900 | 0 |
| വികലാംഗ പെൻഷൻ | | 0 | 2764700 | 2764700 | 2764700 | 0 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | 0 | 1274900 | 1274900 | 1274900 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 753 | 435000 | 435753 | 435753 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 1720000 | 1720000 | 1720000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി) | | 7561364 | 8197304 | 15758668 | 7827804 | 7930864 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1469868 | 9445423 | 10915291 | 8298749 | 2616542 |
| | ട്രഷറി അക്കൗണ്ട് | 7561364 | 8197304 | 15758668 | 7827804 | 7930864 |
| എസ്.ബി.ഐ- ഇ-പേയ്മെന്റ് | | 0 | 21278 | 21278 | 649 | 20629 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 188 | 51270651 | 147 | 34162893 | 1 | 41 | 78% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10255 | 962473 | 972728 | 491144 | 481584 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 7885269 | 7885269 | 7885269 | 0 |
| മെറ്റീരിയൽ | 0 | 1739230 | 1739230 | 1739230 | 0 |
| ആകെ | 10255 | 10586972 | 10597227 | 10115643 | 481584 |

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 54960 | 98 |
| കർഷകതൊഴിലാളി പെൻഷൻ | 6940700 | 563 |
| വിധവാപെൻഷൻ | 11028100 | 936 |
| വാർദ്ധക്യകാലപെൻഷൻ | 16777900 | 1287 |
| വികലാംഗപെൻഷൻ | 2764700 | 230 |

| | | |
|---|---|---|
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1274900 | 108 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 180000 | 6 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-01-2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12,805/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമാണ്. രജിസ്റ്ററുകളും വൗച്ചറുകളും യഥാവിധി പരിപാലിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡയറി ശരിയായ രീതിയിൽ പരിപാലിക്കുന്നുണ്ട്. ജീവനക്കാർക്ക് യഥാക്രമം ജോലികൾ വിഭജിച്ച് നൽകിയിട്ടുണ്ട്. ഇൻക്യുബൻസി രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നുണ്ട്. എന്നാൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ, തെരുവ് വിളക്ക് രജിസ്റ്റർ എന്നിവ ഗ്രാമപഞ്ചായത്തിൽ പരിപാലിക്കുന്നില്ല. ആയത് യഥാവിധി മേലിൽ പരിപാലിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-12-2018 | 11/2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22/04/2014 | 2008-2009 മുതൽ 2012-2013 വരെ | 27-05-2014 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1) വസ്തു നികുതി-തൻവർഷം, കുടിശ്ശിക എന്നിവയുടെ ഡി.സി.ബി സാംഖ്യ വാർഷിക കണക്ക് പ്രകാരവും, വസ്തു നികുതി നിർണ്ണയ സോഫ്റ്റ് വെയറായ സഞ്ചയ പ്രകാരവും താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

തൻവർഷം

| വസ്തു നികുതി-തൻവർഷം | ഡിമാന്റ് റസിഡൻഷ്യൽ&നോൺ-റസിഡൻഷ്യൽ | കളക്ഷൻ റസിഡൻഷ്യൽ&നോൺ-റസിഡൻഷ്യൽ | ബുക്ക് അഡ്ജസ്റ്റ്മെന്റ് (അഡ്വാൻസ് അഡ്ജസ്റ്റ്മെന്റ്) | ബാലൻസ് റസിഡൻഷ്യൽ&നോൺ-റസിഡൻഷ്യൽ (ലൈബ്രറി സെസ്സ് ഉൾപ്പെടെ) |
|---|---|---|---|---|
| സഞ്ചയ പ്രകാരം | 2453216 | 1972153 | 360546 | 132899 (126381+6518(LC) |

| | | | | |
|---|---|---|---|---|
| വാർഷിക കണക്ക്പ്രകാരം (സാംഖ്യ) | 2453216 | 1972153 | ജേണൽ വൗച്ചർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല | 132899 |

മുൻ വർഷ വാർഷിക കണക്ക് പ്രകാരം അഡ്വാൻസ് വസ്തു നികുതി കളക്ഷൻ (₹2,02,934/- (റസിഡൻഷ്യൽ), ₹43,617/- (നോൺ-റസിഡൻഷ്യൽ)) ₹2,46,551/- രൂപയായിരുന്നു. എന്നാൽ തൻവർഷം ₹3,60,546/- (യഥാക്രമം ₹28,97,180, ₹70,828) അഡ്വാൻസ് വസ്തു നികുതി അഡ്ജസ്റ്റ്മെന്റ് നടത്തിയിരിക്കുന്നു. അതായത് കളക്ഷനേക്കാൾ കൂടിയ തുക അഡ്വാൻസ് അഡ്ജസ്റ്റ്മെന്റ് നടത്തിയിരിക്കുന്നു. മാത്രമല്ല ഡിമാന്റിൽ നിന്നും കളക്ഷൻ, അഡ്ജസ്റ്റ്മെന്റ് എന്നിവ കുറയുമ്പോൾ ബാലൻസ് വരുന്ന തുകയിലും വ്യത്യാസമുണ്ട്. ബാലൻസ് വസ്തുനികതി 1,20,517/- വരുന്നതിനു പകരം 1,26,381/- രൂപയാണ് വന്നിട്ടുള്ളത്. (2453216-(1972153+360546)=120517). മേൽ കണക്കുകളിൽ arithmetical accuracy പോലും ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടില്ല.

കുടിശ്ശിക

| | ഡിമാന്റ് റസിഡൻഷ്യൽ&നോൺ-റസിഡൻഷ്യൽ | കളക്ഷൻ റസിഡൻഷ്യൽ&നോൺ-റസിഡൻഷ്യൽ | ബാലൻസ് റസിഡൻഷ്യൽ &നോൺ - റസിഡൻഷ്യൽ (ലൈബ്രറി സെസ്സ് ഉൾപ്പെടാതെ) | വരേണ്ടബാലൻസ്= ഡിമാന്റ് - കളക്ഷൻ |
|---|---|---|---|---|
| സഞ്ചയ പ്രകാരം | 1257047 | 1134998 | 141361 (93888+47473) | 122049 |
| വാർഷിക കണക്ക് പ്രകാരം (സാംഖ്യ) | 1586717 2016 - 17 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി15പ്രകാരം (ലൈബ്രറി സെസ്സ് ഉൾപ്പെടാതെ) | 1134998 | 141361 | 451719 |

സാംഖ്യ ഡിമാന്റിനേക്കാൾ സഞ്ചയ കുടിശ്ശിക ഡിമാന്റിൽ മേൽകണക്ക് പ്രകാരം 3,29,670/- രൂപയുടെ കുറവ് (1586717-1257047) കാണുന്നു. ഇൻകം & എക്സ്പെൻറീച്ചർ ഷെഡ്യൂൾ 1-18 (prior period item)ലെ രേഖപ്പെടുത്തൽ അനുസരിച്ച് റസിഡൻഷ്യൽ&നോൺ-റസിഡൻഷ്യൽ ഇനത്തിൽ 4,42,345/- രൂപ എഴുതി തള്ളിയതായും കാണുന്നു.

മേൽ കണക്കിൽ ഡിമാന്റിൽ നിന്നും കളക്ഷൻ കുറക്കുമ്പോഴും വ്യത്യാസം വരുന്നതായി കാണുന്നു. കുടിശ്ശിക ബാലൻസ് വസ്തു നികുതി സഞ്ചയ പ്രകാരം 1,41,361/- രൂപയാണ്. മേൽ കണക്ക് പ്രകാരം ഡിമാന്റിൽ നിന്നും കളക്ഷൻ കുറയ്ക്കുമ്പോൾ (1257047-1134998) 1,22,049/- രൂപയാണ് വരേണ്ടത്. മേൽപ്രകാരം സഞ്ചയ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ വർഷാന്ത്യ നീക്കിയിരിപ്പ് തുകകളുടെ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. മേൽപ്രകാരം വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയിൽ വ്യത്യസം വന്നിട്ടുള്ളതിനാൽ വിവിധ പത്രികകൾ പ്രകാരമുള്ള വസ്തു നികുതി കണക്കിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

2) 2016-17 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി15പ്രകാരം വാടക (കെട്ടിടം) കുടിശ്ശിക 2,20,001/- രൂപയാണ്. എന്നാൽ തൻവർഷം രജിസ്റ്റർ പ്രകാരം കുടിശ്ശിക ഡിമാന്റ് 2,06,425/- രൂപയാണ്. വ്യത്യാസം 13,576/-. വ്യത്യാസം വരാനുണ്ടായ കാരണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3) സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട് (സംയുക്ത പ്രോജക്ട്) ബാങ്ക് ബുക്ക് പ്രകാരം 3,46,581/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 ൽ നീക്കിയിരിപ്പ് ഉൾപ്പെടുത്തിയിട്ടില്ല. ജില്ല-ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭ്യമാകുന്ന തുകകളെ സംബന്ധിച്ച എ.സി.ആർ. തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

4) അഡ്വാൻസ് രജിസ്റ്റർ പ്രകാരം കെ.എസ്.ഇ.ബി.യ്ക്ക് നല്കിയ മുൻകൂർ ക്രമീകരിച്ചിട്ടുള്ളതും നീക്കിയിരിപ്പ് ഇല്ലാത്തതുമാണ്. എന്നാൽ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി18 പ്രകാരം (460500202) നീക്കിയിരിപ്പ് 83,142/-രൂപയാണ്. 2017-18 ൽ street main extention പദ്ധതിയ്ക്കായി KSEB ക്ക് നല്കിയ 4,13,404/- രൂപക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഈ തുക B-18 schedule ൽ ഉൾപ്പെടുത്തിയിട്ടില്ല.

5) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ -4 പ്രകാരം നീക്കിയിരിപ്പ് കാണിച്ചിട്ടുള്ള താഴെപ്പറയുന്ന ഹെഡ്ഡുകളിലുള്ള വിവിധോദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

| അക്കൗണ്ട് ഹെഡ് | | നീക്കിയിരിപ്പ് |
|---|---|---|
| 320100115 | centrally sponsored scheme- Total sanitation campaign (TSC) | 25000 |
| 320100121 | Centrally sponsored scheme-Integrated Child Development (ICDS) | 346581 |
| 320100199 | Centrally sponsored scheme- Grants, funds & contribution for specific purpose- Central Government | 577000 |
| 320200399 | Grants, funds & contribution for specific purpose – other than Deve. fund | 21010 |
| 320800101 | Beneficiary contributions | 14111 |

6) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-3 capital contribution പ്രകാരം തൻ വർഷം സൃഷ്ടിക്കപ്പെട്ട 84,61,920/- രൂപയുടെ (34673943-26212023=8461920, തൻവർഷ-മുൻവർഷം ബാലൻസ് ഷീറ്റ് പ്രകാരമുള്ള വ്യത്യാസം) ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് വർക്ക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

7) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11(a) capital work in progress പ്രകാരം തൻ വർഷം പാർട്ട് ബില്ലായി നല്കിയ തുകയുടെ വർക്ക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

8) ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ 1-17(a) പ്രകാരം ഡിപ്രീസിയേഷൻ 15,49,617/- രൂപയാണ്. ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ കാൽക്കുലേഷൻ ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

9)ഇൻകം&എക്സ്പെൻറ്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-16 പ്രകാരം പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടുള്ള 25,000/- രൂപയുടെ കാൽക്കുലേഷൻ ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

10) ഇൻകം &എക്സ്പെൻറ്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-18 (prior period item) എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണോ എന്ന് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2018 ലെ നീക്കിയിരിപ്പ് |
|---|---|
| 280100101-Prior period income -Property tax on residential buildings | 249212 |
| 280100102- Prior period income-profession tax institutions/ professionals / traders | (9406) |
| 280100104-Prior period income-Property tax on non residential buildings | 193133 |
| 280600401-Prior period expenses -recovery of unutilised grants to government | 3300 |
| 280100105-Prior period income-service cess on residential buildings | (394) |
| 280100106-Prior period income-service cess on non-residential buildings | 2314 |
| 280200101-Prior period income-rent from buildings | 13576 |
| 280200401- Prior period income-other income | (208864) |
| 280800501-Prior period -programme expenses | (25320) |

11) എസ്.ബി.ഐ തനത് ഫണ്ട്+വെൽഫെയർ പെൻഷൻ എന്ന അക്കൗണ്ടിന്റെ ബാങ്ക് റീ കൺസിലിയേഷൻ സ്റ്റേറ്റ് മെന്റ് പ്രകാരം

cheque issued but not collected from the bank എന്ന ഇനത്തിൽ പണമാക്കി മാറ്റാതെ മൂന്ന് മാസത്തിൽ അധികമായ ചെക്കുകൾ ഉള്ളതായി കാണുന്നു. ആയത് liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | തീയ്യതി | ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|---|---|
| 21700511 | 8/9/17 | 217193 | 8/9/17 | 250 |
| 21700512 | 8/9/17 | 217193 | 8/9/17 | 250 |
| 21700513 | 8/9/17 | 2171932 | 8/9/17 | 1000 |
| 21600797 | 5/1/17 | 966272 | 5/1/17 | 250 |
| 21600663 | 25/11/16 | 796057 | 25/11/16 | 500 |
| 21600062 | 25/4/16 | 192857 | 25/4/16 | 1000 |
| 21500503 | 13/10/15 | 350596 | 13/10/15 | 250 |
| 21500758 | 14/1/16 | 848689 | 14/1/16 | 500 |
| 21500268 | 21/7/15 | 325492 | 21/7/16 | 1000 |
| 21700475 | 30/1/17 | 257184 | 30/8/17 | 886 |
| 21700200 | 9/1/17 | 005356 | 8/1/17 | 809 |
| 21600924 | 7/2/17 | 113412 | 7/2/17 | 250 |
| 21500984 | 10/3/16 | 057852 | 10/3/16 | 250 |
| 21700765 | 24/11/17 | 021636 | 23/11/17 | 300 |
| 21700790 | 30/11/17 | 021645 | 28/11/17 | 500 |

12) ട്രഷറി സേവിങ്ങ്സ് ബാങ്ക് അക്കൗണ്ട് റീ-കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 18,930/- രൂപ ബാങ്കിലേക്ക് നേരിട്ട് (directly credited by the bank ) വരവ് വന്നിട്ടുണ്ട്. ആയത് പഞ്ചായത്തിന്റെ വരവായി രസീപ്റ്റ് ചെയ്തിട്ടില്ല.

13) പ്രതിമാസം ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ റീകൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

14) നാളിതുവരെയുള്ള ആസ്തി ബാദ്ധ്യതകൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

15) തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിശദാംശങ്ങൾ പരിശോധിക്കത്തക്ക വിധമല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

16) ഓപ്പണിങ്ങ്-ക്ലോസിങ്ങ് സ്റ്റോക്കുകളുടെ മൂല്യം കണക്കാക്കി സ്റ്റോക്ക് രജിസ്റ്റർ എഴുതി തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

17) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം 5,000/- രൂപയുടെ ഇൻവെസ്റ്റ്മെന്റ് ഉണ്ട്. എന്നാൽ ഇത് പരിശോധിക്കുന്നതിനാവശ്യമായ ഷെയർ സർട്ടിഫിക്കറ്റ്, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

18)ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് പ്രകാരം receipt & payment account-ന്റെ opening balance-ഉം closing balance-ഉം തമ്മിലുള്ള വ്യത്യാസം net cash generated by operating, investing & financing activities grand total (A+B+C)യുമായി പൊരുത്തപ്പെടുന്നില്ല.

Receipt & payment account opening balance - 9158942.00

Receipt & payment account closing balance - 11486116 .00

Difference (വർദ്ധനവ്) - 2327174 .00

Net cash generated by operating, investing &

financing activities - (-) 2776062.00

grand total (A+B+C)

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ടെണ്ടർ വില്പന – ഇ-ടെണ്ടർ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല.

2017-18 വർഷം മരാമത്തു പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തിയപ്പോൾ ലഭിച്ച ടെണ്ടർ ഫോം ഫീ പഞ്ചായത്ത് ഫണ്ടിൽ

ലഭിച്ചിട്ടില്ല.ആകെ ഇ-ടെണ്ടർ ക്ഷണിച്ച 7 പ്രവൃത്തികൾക്ക് കരാറുകാരിൽ നിന്നും ടെണ്ടർ ഫോം വില്പന വിലയിൽ ലഭിച്ച 26,620/- രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ് നൽകിയിട്ടുള്ളത്. പഞ്ചായത്തിന് അർഹതപ്പെട്ട ടി തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205ബി, ചട്ടം13 എന്നിവ കാണുക)

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്.

2017-18 വർഷത്തിൽ സ്ഥാപനത്തിൽ മേൽ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടതായി കാണുന്നില്ല. പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്യു വ്യക്തികൾ, കരാറുകാർ, പ്രൊഫഷണലുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ തൊഴിൽ നികുതി പൂർണ്ണമായും അസസ്സ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി ഉറപ്പുവരുത്തേണ്ടതാണ്.

(എ)കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2017-18 വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് ജോലികൾക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി കണക്കാക്കുന്നതിന് സ്റ്റേറ്റ്മെന്റ് വാങ്ങിയതായോ തൊഴിൽ നികുതി അടച്ചതായോ കാണുന്നില്ല. ഇവർ മറ്റേതെങ്കിലും പഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

(ബി) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ 2017-18 വർഷത്തിൽ തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല.

| സ്ഥാപനത്തിന്റെ പേര് | കുടിശ്ശിക വരുത്തിയ കാലയളവ് |
|---|---|
| പോസ്റ്റ്മാസ്റ്റർ, പതിയാർകുളങ്ങര, ഊരകം | 2017-18 Ist & IInd Half |
| പോസ്റ്റ്മാസ്റ്റർ, പെരുവല്ലൂർ | 2017-18 IInd Half |
| മാനേജിംഗ് ഡയറക്ടർ, ശ്രീഭദ്ര ഫിനാൻസ്, പെരുവല്ലൂർ | 2017-18 IInd Half |
| മാനേജർ, സെഞ്ചറി ഫിനാൻസ്, പെരുവല്ലൂർ | 2017-18 IInd Half |
| ഡിലൈറ്റ് സിറ്റി സൂപ്പർമാർക്കറ്റ്, മുല്ലശ്ശേരി | 2017-18 Ist & IInd Half |

(സി) തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു.

തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നതായി കാണുന്നു.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | | ഈടാക്കിയ തൊഴിൽ നികുതി | | ഈടാക്കിയതിൽ കുറവ് വന്ന തുക | | ഈടാക്കിയതിൽ കുറവ് വന്ന ആകെ തുക |
|---|---|---|---|---|---|---|---|---|---|
| | | | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം | |
| ശ്രീ ഗുരുദേവ വിദ്യ നികേതൻ, | രതി.സി. | 6020x6= 36120 | 300 | 300 | 180 | 180 | 120 | 120 | 240 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| പേനകം | ദീപ്തി.ടി.എച്ച്. | 6020x6= 36120 | 300 | 300 | 180 | 180 | 120 | 120 | 240 |
| | ബിനിത.കെ.വി. | 6020x6= 36120 | 300 | 300 | 180 | 180 | 120 | 120 | 240 |
| ബി.ആർ.സി, മുല്ലശ്ശേരി | ജാസ്മിൻതാവു, റിസോഴ്സ് ടീച്ചർ | 149030 | 1250 | | | 750 | 500 | | 500 |
| | ടിന്റു.പി.എഫ്., റിസോഴ്സ് ടീച്ചർ | 149030 | 1250 | | | 750 | 500 | | 500 |
| | ജ്യോത്സ്ന.പി.ജെ, റിസോഴ്സ് ടീച്ചർ | 149030 | 1250 | | | 750 | 500 | | 500 |
| | ലീന ദേവസ്സി, റിസോഴ്സ് ടീച്ചർ | 90304 | 750 | | | 450 | 300 | | 300 |
| ആകെ | | | | | | | | | 2520 |

മേൽ പട്ടികയിൽ ബി.ആർ.സി.മുല്ലശ്ശേരിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ ശമ്പളവും അലവൻസുകളും കൂട്ടുന്ന തുകയും ആകെ അർദ്ധവാർഷിക വരുമാനമായി കാണിച്ചിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. അർദ്ധവാർഷിക വരുമാനം ഉറപ്പുവരുത്തിയ ശേഷം ബാധകമായ നികുതി ഈടാക്കേണ്ടതാണ്.

(ഡി) പല സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി പത്രികയിൽ ജീവനക്കാരുടെ ആകെ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താതെ ഒരു മാസത്തെ മാത്രം വരുമാനം രേഖപ്പെടുത്തിയും, തൊഴിൽനികുതി പട്ടികയിലെ എല്ലാ ഇനങ്ങളും രേഖപ്പെടുത്താതെയും അപൂർണ്ണമായ രീതിയിൽ തൊഴിൽ നികുതി പത്രിക സമർപ്പിച്ച് തൊഴിൽ നികുതി അടവാക്കി വരുന്നതായി കാണുന്നു.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയിരുന്നുവെങ്കിലും (ഓഡിറ്റ് അന്വേഷണം നമ്പർ-15/17-18 തീയതി 17/01/19) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് സംബന്ധിച്ച പൊതു അപാകതകൾ

1. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ വ്യവസായ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

സഞ്ചയ യിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ 1064 വാണിജ്യ കെട്ടിടങ്ങൾ ആണ് ഉള്ളത്. എന്നാൽ 2017-18 വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ളത് 375സ്ഥാപനങ്ങൾക്കാണ്. എല്ലാ കച്ചവട /വ്യവസായ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് ഫീൽഡ് സന്ദർശനം നടത്തുവാൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2.ലൈസൻസ് അനുവദിക്കപ്പെട്ട അപേക്ഷകൾ പരിശോധിച്ചപ്പോൾ പല സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ തൊഴിലാളികൾ ജോലി ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. (ഉദാ: ക്രമനമ്പർ-2,3,12മുതലായവ). എന്നാൽ ഇത്തരം സ്ഥാപനങ്ങൾ തൊഴിൽനികുതി കണക്കാക്കുന്നതിന് ജീവനക്കാരുടെ ശമ്പള വിവരങ്ങൾ സമർപ്പിച്ചതായി തൊഴിൽ നികുതി പരിശോധനയിൽ കാണുന്നില്ല. ലൈസൻസ് അനുവദിക്കുന്നതോടൊപ്പം നിയമാനുസൃതമായ തൊഴിൽ നികുതി ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

3. ലൈസൻസ് അപേക്ഷകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ പൊതുവായി കാണപ്പെടുന്നു.

(എ) പല ലൈസൻസ് അപേക്ഷകളോടൊപ്പവും ആവശ്യമായ സാക്ഷ്യപത്രങ്ങളോ അനുമതി പത്രങ്ങളോ ഇല്ലാതെ ലൈസൻസ് പുതുക്കിനൽകിയിരിക്കുന്നു.സ്ഥലനാമ സാക്ഷ്യപത്രം, പ്ലാസ്റ്റിക് നിരോധനസാക്ഷ്യപത്രം മുതലായവ മിക്ക അപേക്ഷകളോടൊപ്പവും ഇല്ല. മറ്റ് ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

i. ലൈസൻസ് ക്രമനമ്പർ-6, സുരേഷ്ബാബു.സി.എസ്. - പലചരക്ക് കച്ചവടം - കെട്ടിടഉടമയുമായുള്ള വാടകക്കരാർ ഹാജരാക്കിയിട്ടില്ല.

ii. ലൈസൻസ് ക്രമനമ്പർ-17, ആരോമലുണ്ണി. - കോഴിക്കച്ചവടം - കെട്ടിടഉടമയുമായുള്ള വാടകക്കരാർ ഹാജരാക്കിയിട്ടില്ല.

iii. ലൈസൻസ് ക്രമനമ്പർ-25 സുബിൻ.വി.എസ് - ചായക്കട - കെട്ടിടഉടമയുമായുള്ള വാടകക്കരാർ ഹാജരാക്കിയിട്ടില്ല, സാനിറ്ററി സർട്ടിഫിക്കറ്റ് ഇല്ല.

iv. ലൈസൻസ് ക്രമനമ്പർ-228, സി.വി.ബാബുരാജ് - ബാറ്ററി നിർമ്മാണവും വില്പനയും- മലിനീകരണനിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം.

(ബി) പല അപേക്ഷകളിലും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും, സെക്രട്ടറിയുടെ തീരുമാനവും രേഖപ്പെടുത്തുന്നില്ല.

ഉദാ:- ലൈസൻസ് ക്രമനമ്പർ 15, 16,33,39,46 മുതലായവ

(സി) പല അപേക്ഷകളും അപൂർണ്ണമാണ്. ദിവസേനയുള്ള വിറ്റ് വരവ് രേഖപ്പെടുത്തിക്കാണുന്നില്ല.

ഉദാ: ലൈസൻസ് ക്രമനമ്പർ 6

(ഡി) ചില ലൈസൻസുകൾക്ക് ചട്ടം 7 പട്ടിക II പ്രകാരം ചുമത്താവുന്ന ഫീസിനേക്കാൾ കുറവായി ചുമത്തിയിട്ടുണ്ട്.

ഉദാ:1. മുല്ലശ്ശേരി ഫ്യൂവൽസ് - പ്രതിദിന വിറ്റ് വരവ് - 2,00,000/- രൂപ, ഈടാക്കാവുന്ന ഫീസ് - 4000/- രൂപ, ഈടാക്കിയ ഫീസ് - 2000/- രൂപ.

2. ഗ്രാൻമാ ബാറ്ററീസ് - പ്രതിദിന വിറ്റുവരവ് - 25000/- രൂപ, ചുമത്താവുന്ന ഫീസ് - 500/- രൂപ, ഈടാക്കിയ ഫീസ് -200/- രൂപ

4.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

ട്രേഡേഴ്സ് ലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഫീൽഡ് സന്ദർശനം നടത്തി പഞ്ചായത്ത് പ്രദേശത്ത് കച്ചവടം നടത്തുന്നവരെ എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് ഓരോ വാർഡും വേർതിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.
മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.16/17-18 തീയതി 17/01/19) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 വസ്തു നികുതി സംബന്ധിച്ച്

1) സഞ്ചയ" യിലെ നികുതി ഒഴിവാക്കൽ രജിസ്റ്റർ പ്രകാരം 2017-18 വർഷത്തിൽ വിമുക്ത ഭടന്മാരുടെ/വിധവകളുടെ വാസഗൃഹങ്ങൾക്ക് വസ്തുനികുതി ഒഴിവാക്കി നൽകിയതായി കാണുന്നു. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മീറ്റിംഗ് മിനുട്സിൽ ഇത് സംബന്ധിച്ച തീരുമാനങ്ങൾ ഇല്ല. മാത്രമല്ല നികുതി ഒഴിവാക്കലിനുള്ള അപേക്ഷകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇപ്രകാരം വസ്തുനികുതി ഒഴിവാക്കി നൽകിയവരുടെ പട്ടികയും നികുതി ഒഴിവാക്കലിനുള്ള അപേക്ഷകളും,ഇത് സംബന്ധിച്ച ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2) 2017-18 വർഷത്തിൽ നികുതി ഒഴിവാക്കി നൽകിയ വിമുക്തഭടന്മാരുടെ താഴെ പറയുന്ന കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം അസസ്മെന്റ് രജിസ്റ്റർ പ്രകാരം 185 ച.മീ.യിൽ കൂടുതലാണ്. കൂടുതലായി വരുന്ന വിസ്തീർണ്ണത്തിന് വസ്തുനികുതി ഈടാക്കിയെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

കെട്ടിട നമ്പർ 2/434, - 204ച.മീ, 13/287എ-258 ച.മീ., 14/285സി-195 ച.മീ..

3) “സഞ്ചയ” ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന മൊബൈൽ ടവറുകൾക്ക് വസ്തുനികുതി കുടിശ്ശികയുള്ളതായി കാണുന്നു. കുടിശ്ശികയുടെ വിശദവിവരങ്ങളും, ഈടാക്കാൻ സ്വീകരിച്ച നടപടികളും വിശദമാക്കേണ്ടതാണ്.

i. 3/352 – മാനേജർ, ഐഡിയ മൊബൈൽ ടവർ, പെരുവല്ലൂർ - 2013-14 മുതൽ കുടിശ്ശിക

ii. 3/356 – ഭാരതി ഇൻഫ്രാടെൽ ടെലികമ്മ്യൂണിക്കേഷൻ ലിമി. - 2013-14 ,, ,,

iii. 8/225 – ഭാരതി ഇൻഫ്രാടെൽ മൊബൈൽ ടവർ, മുല്ലശ്ശേരി - 2014-15 ,, ,,

iv. 15/254 – എസ്സർ ടെലികോം ഇൻഫ്രാസ്ട്രക്ചർ, മുല്ലശ്ശേരി - 2015-16 ,, ,,

4) വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം സൗത്ത് ഇന്ത്യൻ ബാങ്ക് (13/453), മണപ്പുറം ബാങ്ക് (14/55,56,57) എന്നിവ പ്രവർത്തിക്കുന്ന വാണിജ്യകെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് ബാങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽസ്റ്റേഷൻ എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി 30/ച.മീ. ആയിട്ടാണ്. എന്നാൽ ഇവ വാണിജ്യകെട്ടിടങ്ങളായതിനാൽ ടി ഉപയോഗക്രമത്തിൽപെടുത്തി ബാധകമായ നിരക്കിൽ നികുതി നിർണ്ണയിക്കേണ്ടതാണ്.

5) മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 235എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുകയും സഞ്ചയ യിൽ ഉൾപ്പെടുത്തി നികുതി പിരിച്ചെടുക്കുകയും ചെയ്യുന്നുണ്ടോ എന്ന് വ്യക്തമല്ല.
മേൽ വിഷയങ്ങൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.23/17-18 തീയതി 18/01/19) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ദിവസേനയുള്ള കൗണ്ടർ കളക്ഷൻ അതാത് ദിവസമോ തൊട്ടടുത്ത ദിവസങ്ങളിലോ ബാങ്കിൽ അടവാക്കുന്നുണ്ടെങ്കിലും അടവ് സംബന്ധിച്ച രേഖപ്പെടുത്തലുകൾ കാഷ്ബുക്ക് സമ്മറിയിൽ വരുന്നില്ല.

ഉദാ:- 1. 31.03.2017 ലെ കാഷ് ബാലൻസ് 1,12,349/- രൂപയാണ്. 01.04.17 ലെ കൗണ്ടർ കളക്ഷൻ 1688/- രൂപയും, 03.04.17ലെ കൗണ്ടർ കളക്ഷൻ 20,075/- രൂപയുമാണ്, മേൽ തുകകൾ ബാങ്ക് പാസ്സ്ബുക്ക് പ്രകാരം 03.04.17 ന് ബാങ്കിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ 03.04.17 ലെ കാഷ്ബുക്ക് സമ്മറിയിൽ അടവ് വിവരം കാണിച്ചിട്ടില്ല. യഥാർത്ഥത്തിൽ കാഷ് ബാലൻസ് ഇല്ലെന്നിരിക്കെ 03.04.17 ലെ കാഷ്ബുക്ക് പ്രകാരം കാഷ് ബാലൻസ് 1,34,112/- രൂപയാണ്.

2. താഴെ പറയുന്ന ദിവസങ്ങളിലെ കൗണ്ടർ കളക്ഷൻ, അടവാക്കിയ ദിവസങ്ങളിൽ അടവ് കാഷ്ബുക്ക് സമ്മറിയിൽ രേഖപ്പെടുത്തിയിട്ടില്ല.

| കളക്ഷൻ തീയതി | കളക്ഷൻ തുക | അടവാക്കിയ തീയതി |
|---|---|---|
| 11/07/2017 | 5366 | 11/07/2017 |
| 12/07/2017 | 2301 | 13/07/2017 |
| 13/07/2017 | 5441 | 14/07/2017 |
| 14/07/2017 | 4395 | 14/07/2017 |
| 15/07/2017 | 8531 | 15/07/2017 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നം.02/17-18 തീയതി 14/01/2019) യഥാസമയം കോൺട്രാ എൻട്രി വരുത്തുന്നത് വിട്ടുപോയത് കൊണ്ടാണ് അപാകത സംഭവിച്ചതെന്നും നിലവിൽ ഇക്കാര്യത്തിന് അക്കൗണ്ടന്റ്, കാഷ്യർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചു. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

2. മാന്വൽ രസീതുകളിൽ തീയതി രേഖപ്പെടുത്തിയില്ല.

വെറ്ററിനറി സർജ്ജന് അനുവദിച്ച താഴെ പറയുന്ന രസീത് പുസ്തകങ്ങളിൽ നിന്നും തീയതി രേഖപ്പെടുത്താതെ രസീത് അനുവദിച്ചു.

| രസീത് പുസ്തകനമ്പർ | തീയതി രേഖപ്പെടുത്താത്ത രസീതുകൾ |
|---|---|
| 15649 | 26 to 31 |
| 15651 | 36 to 88 |
| 15653 | 1 to 35 , 56 to 69 , 71, 76 to 100 |
| 15654 | 19 to 27, 33 to 41, 56,62, 67 to 100 |

ടി രസീതുകളിലൂടെ പിരിച്ചെടുത്ത തുക പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെങ്കിലും തീയതി രേഖപ്പെടുത്താത്തതിനാൽ തുക വരവ് വന്നത് എന്നാണെന്ന് വ്യക്തമല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രത്യേക കന്നുകുട്ടി പരിപാലനപരിപാടി -പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ സബ്സിഡിവിഹിതം തിരികെ അടവാക്കേണ്ടതാണ്

പ്രത്യേക കന്നുകുട്ടി പരിപാലനപരിപാടി

| | |
|---|---|
| നിർവ്വഹണം | -വെറ്ററിനറി സർജൻ |
| പ്രൊജക്റ്റ് നമ്പർ | -69/18 |
| ട്രഷറി ബില്ല് നമ്പർ | - 1/17-18/23.11.17-₹3125,00/- |

ഈ പദ്ധതിക്കായി 25 ഗുണഭോക്താക്കൾക്ക് 12,500/- വീതം (സംസ്ഥാനവിഹിതം ഉൾപ്പെടെ) ആകെ 3,12,500/- രൂപ എസ്.എൽ.ബി.പിക്ക് കൈമാറിയിട്ടുണ്ട്. താണവീഥിക്ഷീരസഹകരണസംഘം മുഖേനയാണ് കാലിത്തീറ്റ വിതരണം നടത്തിയിരിക്കുന്നത്.

പദ്ധതിയിൽ പങ്കാളികളായവരുടെ പേരുവിവരം ഉൾപ്പെടുത്തിയ വ്യക്തിഗത നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ രാഹുൽ കെ.ബി, കൊണ്ടരാം വളപ്പിൽ, വാർഡ്-2, പെരുവല്ലൂർപി.ഒ, അർജ്ജുനൻ, നടുവിൽപുരയ്ക്കൽ, വാർഡ്-15, മുല്ലശ്ശേരി പി.ഒ എന്നീ ഗുണഭോക്താക്കൾ യഥാക്രമം ഫെബ്രുവരിമുതൽ ജൂലൈ വരെയും, ഫെബ്രുവരിമുതൽ മെയ് വരെയും മാസങ്ങളിൽ കാലിത്തീറ്റ വാങ്ങിയിട്ടുണ്ട്. അതിനുശേഷം രജിസ്റ്ററിൽ 'death' എന്ന രേഖപ്പെടുത്തിക്കാണുന്നു. മേൽ രണ്ട് ഗുണഭോക്താക്കളും പദ്ധതിയിൽ പങ്കാളികളായി തുടരാത്ത പക്ഷം അനുവദിച്ച സബ്സിഡി ബാക്കി നിൽക്കുന്നത് തിരിച്ചടവാക്കേണ്ടതുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് എസ്.എൽ.ബി.പി യിൽ നിന്നും പദ്ധതിപൂർത്തീകരണത്തിന്റെ വിശദാംശവും, മേൽ പറഞ്ഞപ്രകാരം പദ്ധതിയിൽ നിന്നും

ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ സബ്സിഡിവിഹിതം ബാക്കിതുക സർക്കാരിലേക്ക് അടവാക്കിയതിന്റെ വിവരം എന്നിവ ആവശ്യപ്പെടേണ്ടതും ആയത് ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 3-2 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| 1 | ഭിന്നശേഷിവിഭാഗങ്ങൾക്ക് റിസോഴ്സ് സെന്റർ<br>SO 193/18 | 13/2017-18<br>24-08-2017<br>50,000/- | ജില്ലാ പഞ്ചായത്തിന് വിഹിതം നല്കിയത് |
| 2 | ഐ.എം.എ ബ്ലഡ്ബാങ്ക് റിസോഴ്സ് സെന്ററിന് വിഹിതംനൽകൽ<br>SO 194/18 | വൗച്ചർ നം.<br>21700654/24.10.17<br>1,00,000/- | ജില്ലാ പഞ്ചായത്തിന് വിഹിതം നല്കിയത് |
| 3 | ഊരകം കുടിവെള്ള പദ്ധതി -അറ്റകുറ്റപ്പണി<br>SO 216/18 | 7428290/8.12.17<br>2,40,000/- | ഭൂഗർഭജല വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത് ഈ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. കാരണം വ്യക്തമാക്കേണ്ടതാണ്. |
| 4 | പി.എം.എ.വൈ അധിക വിഹിതം നൽകൽ<br>SO 91/18 | ബിൽ നം.<br>2/2017-18<br>24-02-2018<br>40,000/- | മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് നൽകിയത് |
| 5 | സ്ട്രീറ്റ് മെയിൻ വലിക്കൽ<br>SO 101/18 | ബിൽ നം.<br>19/2017-18<br>17-01-2018<br>4,13,404/- | പഞ്ചായത്തിന്റെ 4,5,7 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനും, സി.എഫ്.എൽ സ്ഥാപിക്കുന്നതിനുമായി KSEB പറപ്പൂർ ഇലക്ട്രിക്കൽ സെക്ഷനിൻ മേൽപ്രകാരം തുക അടവാക്കിയിട്ടുണ്ട്. |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 8,43,404/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-3 ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തിയത് - മാനദണ്ഡങ്ങൾ പാലിച്ചില്ല

പ്രോജക്ട് -ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണം (SO5/18)
കുടിവെള്ളവിതരണം ടാങ്കർലോറിയിൽ-രണ്ടാം ഘട്ടം(174/18)

കരാറുകാരൻ - വർഗ്ഗീസ് കെ
ചെലവ് - 1)ചെക്ക് നം.422883/20.6.17, 3,00,000/-
2)ചെക്ക് നം.7469814/2.9.17, 1,89,600/-
3)ബിൽ നം. 9/17-18/26.7.17, 4,95,000/-

ടാങ്കറിനും, കുടിവെള്ള സ്രോതസ്സിനും FBO ലൈസൻസ് ഉണ്ടായിരുന്നുവോ എന്നും, വാഹനത്തിന്റെ GPS ലോഗ് പരിശോധിച്ചിരുന്നുവോ എന്നും വ്യക്തമല്ല.
ടെണ്ടർ നിബന്ധന പ്രകാരം ടെണ്ടറിനോടൊപ്പം കുടിവെള്ളവിതരണത്തിനുപയോഗിക്കുന്ന ടാങ്കർ ലോറിയുടെ നമ്പറും വിശദാംശങ്ങളും ഉൾപ്പെടുത്തിയിരുന്നു .ഇതിൻ പ്രകാരം ലഭ്യമാക്കിയത് KL -08 D-5542 (goods carriage) എന്ന വാഹന നമ്പർ ആണ്. എന്നാൽ കുടിവെള്ളവിതരണത്തിന് KL -5U-5637 എന്നവാഹനവും ഉപയോഗിച്ചിട്ടുണ്ട്. ഈ വാഹനത്തിന്റെ രജിസ്ട്രേഷൻ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 17/17.1.19)

## 3-4 തെരുവ് വിളക്ക് പരിപാലനം - എ എം സി നൽകൽ

പ്രോജക്റ്റ് - തെരുവ് വിളക്ക് പരിപാലനം എ എം സി (സ്പിൽ ഓവർ പ്രോജക്റ്റ് -83/17)

പ്രോജക്റ്റ് നമ്പർ -1/18

ആകെ ചെലവ് - 4,00,000/-

തൻ വർഷ ചെലവ് - 3,33,333/-

നിർവ്വഹണം -സെക്രട്ടറി

ബിൽ നമ്പർ -1) 07/17-18 dt.22/8/17, 1,33,333/-

2)18/17-18 dt.16/01/18, 1,00,000/-

3)29/17-18 dt.14/03/18, 1,00,000/-

2016-17 ടെണ്ടർ നടപടികൾ സ്വീകരിക്കുകയും കരാറുകാരനായ വേണുഗോപാൽ, രാധിക മന്ദിരം, തൊയക്കാവ് പി.ഒ എന്നയാളുമായി 17/1/17ൽ കരാറിൽ (എ2-2/16/തീ.17.10.17)ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. കരാർ കാലാവധി 17/1/17 മുതൽ ഒരുവർഷ കാലയളവാണ്. ഇതിൻ പ്രകാരം 17/01/17 മുതൽ 17/3/17 വരെ തെരുവ് വിളക്ക് പരിപാലനം നടത്തിയതിന് 66,667/- രൂപ ബിൽ നമ്പർ 49/16-17 തീ.31/3/17 പ്രകാരം നൽകിയിട്ടുമുണ്ട്. ഇതിന്റെ തുടർന്നുള്ള പ്രവർത്തികൾ 2017-18 കാലയളവിൽ നടത്തുകയുണ്ടായി. പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)ടെണ്ടറിൽ അടങ്കൽ തുകയായി 4,00,000/-രൂപ ഉൾപ്പെടുത്തികാണുന്നു.എ.എം.സി 4,00,000/-രൂപയാക്കി നൽകിയത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമല്ല. തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ വാർഡ് തലത്തിൽ കണക്കാക്കി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2)ടെണ്ടർ നോട്ടീസിൽ റിപ്പയർ നടത്തിയതിന് കെ.എസ്.ഇ.ബിയുടെയും, വാർഡ് മെമ്പർമാരുടെയും സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 4 ഗഡുക്കളായി തുക അനുവദിക്കുന്നതാണെന്നും, തെരുവ് വിളക്കുകൾ മെയിന്റനൻസ് നടത്തി പ്രവർത്തന ക്ഷമമാക്കുന്നതിനും പുതിയ ലൈറ്റുകൾ സ്ഥാപിക്കുന്നതിനും ഉള്ള യൂണിറ്റ് നിരക്ക് പ്രത്യേകം ലൈറ്റ് ഇനം തിരിച്ച് രേഖപ്പെടുത്തേണ്ടതാണ് എന്നും നിബന്ധന വച്ചിട്ടുണ്ട്. (എന്നാൽ ടെണ്ടറിൽപരിപാലിക്കപ്പെടേണ്ട തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല). ഇതിൻ പ്രകാരം കരാറുകാരനായ വേണുഗോപാൽ 2x40w fluorescent tube-750/-,1x20 CFL 350/- എന്നിങ്ങനെ രണ്ട് നിരക്കുകൾ ക്വോട്ട് ചെയ്തിരിക്കുന്നു (മറ്റൊരു കരാറുകാരനായ റിയാസ് ക്വോട്ട് ചെയ്ത നിരക്ക് യഥാക്രമം 770, 365 ). ഇത് റിപ്പയർ ചെയ്യുന്നതിനാണോ, പുതിയവ സ്ഥാപിക്കുന്നതിനാണോ എന്ന് വ്യക്തമാക്കിയിട്ടില്ല. കരാറുകാരന് തുക നൽകിയിട്ടുള്ളത് റിപ്പയർ/ പുന സ്ഥാപിക്കപ്പെട്ട തെരുവ് വിളക്കുകളുടെ എണ്ണത്തിന് ആനുപാതികമായിട്ടല്ല.

ആവർത്തന ചെലവ് വരുന്ന തെരുവ് വിളക്ക് പരിപാലനം വ്യക്തമായ അടിസ്ഥാന വിവരങ്ങൾ ഇല്ലാതെ ചെലവഴിക്കുന്നത് പദ്ധതി പണത്തിന്റെ ദുർവിനിയോഗത്തിന് ഇടയാക്കുന്നു.

3)വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ പോസ്റ്റുകളുടെ നമ്പറും, എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ തരം, പ്രവൃത്തി നടത്തിയ തീയ്യതി, നടത്തിയ പ്രവർത്തിയുടെ വിവരം (എല്ലാ മെമ്പർമാരും തെരുവ് വിളക്ക് പുന സ്ഥാപനം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്) എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. കരാറുകാരൻ നൽകുന്ന പ്രവൃത്തിയുടെ വിശദാംശങ്ങളിൽ പുന സ്ഥാപനം മാത്രമല്ല റിപ്പയർ പ്രവർത്തികളും ഉൾപ്പെട്ടുകാണുന്നു. ഉദാഹരണത്തിന് 17/3/17 മുതൽ 17/7/17 വരെ നടത്തിയ പ്രവൃത്തികൾക്ക് (കരാറുകാരൻ നൽകിയ കത്ത് പ്രകാരം പരിപാലിക്കപ്പെട്ട ലൈറ്റുകൾ ട്യൂബ് -15, റിപ്പയർചെയ്ത ലൈറ്റ് -560 ) കരാറുകാരൻ ആവശ്യപ്പെട്ട തുക 2,07,250/-, നല്കിയ തുക 1,00,000/-. വാർഡ് മെമ്പർമാരുടെ കണക്കുപ്രകാരം പുന സ്ഥാപിക്കപ്പെട്ട

തെരുവ് വിളക്കുകൾ 575/-, റിപ്പയർ രേഖപ്പെടുത്തിയിട്ടില്ല.

മേൽ കണക്കുകൾ വ്യക്തമാകുന്നത് കൃത്യമായ കണക്കുകളോ മാനദണ്ഡങ്ങളോ ഇല്ലാതെയാണ് തുക നൽകിയതും പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്നുമാണ്.

4)17/10/17- 17/01/18 വരെ നടത്തിയ പ്രവൃത്തികൾക്ക് 1,00,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇതോടൊപ്പം വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ 2030 ഓട് കൂടി പഞ്ചായത്ത് പ്രദേശത്ത് എല്ലാവർക്കും കുടിവെള്ളമെത്തിക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് റിപ്പേർട്ട് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ട തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് ഈ പഞ്ചവത്സര പദ്ധതിക്കാലത്ത് സ്വീകരിക്കേണ്ട നടപടികൾ (നിലവിൽ ഉള്ള തെരുവ് വിളക്ക്, ഇനി ലൈൻ എക്സ്റ്റൻഷന്റെ ആവശ്യകത എത്രത്തോളം, തെരുവ് വിളക്ക് സ്ഥാപിക്കേണ്ടത് എത്ര തുടങ്ങി) സംബന്ധിച്ച് വിവരങ്ങൾ ഉൾപ്പെടുത്തിക്കാണുന്നില്ല. അടിസ്ഥാന വിവര ശേഖരണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തുടർ വർഷങ്ങളിൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതും മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 3-5 വാതക ശ്മശാനം -2014-15 കാലയളവിൽ പ്രവൃത്തി ആരംഭിച്ച 2017-18 ലും പൂർത്തിയാക്കിയിട്ടില്ല

പ്രോജക്ട് നം. 159/18
അടങ്കൽ-43,15,000/-
നിർമ്മാണ ഏജൻസി- കോസ്റ്റ് ഫോർഡ്,
കരാർ നം.1031/2014-15 തിയ്യതി 13/11/2014, കരാർ വ്യവസ്ഥ 10 പ്രകാരം സൈറ്റ് കൈമാറിയതിനു ശേഷം 15 ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കുകയും, 10 മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്നാണ്. എന്നാൽ 2014-15 കാലയളവിൽ ആരംഭിച്ച പ്രസ്തുത പ്രവൃത്തിയ്ക്ക് ഈ സാമ്പത്തിക വർഷത്തിലും വൗച്ചർ നമ്പർ 21700611/7.10.17 പ്രകാരം 5,87,406/- കോസ്റ്റ്ഫോഡിന് നൽകിയിട്ടുണ്ട്. പദ്ധതിപൂർത്തീകരിച്ചിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കോസ്റ്റ് ഫോഡ് സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം 8%കൺസൽട്ടൻസി ചാർജ്ജ്ഉൾപ്പെടുത്തുകയും (സർക്കാർ ഉത്തരവ് 408/2007/Fin dt.7/9/07 പ്രകാരം ) ആയത് പ്രകാരം തന്നെ പഞ്ചായത്തിൽനിന്നും അനുവദിച്ച് നല്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ത.സ്വ.ഭ.വ സ്ഥാപനങ്ങൾ സ.ഉ.(എംഎസ്) 133/07/ത.സ്വ.ഭ.വ തി. 18/5/2007 ഉത്തരവു പ്രകാരം ആകെ പ്രവൃത്തി മൂല്യത്തിന്റെ 2.5% കൺസൾട്ടൻസി ചാർജ്ജും അതിന്റെ സർവ്വീസ് ടാക്സും മാത്രമേ നല്കേണ്ടതുള്ളൂ. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ നിരക്കിലും അധികരിച്ച് തുക നൽകുക വഴി പഞ്ചായത്തിന് അധിക ബാധ്യത വരുന്നവിവരം ശ്രദ്ധയിൽപ്പെട്ടിരുന്നോ എന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 20/17-18 /17.1.19)നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും അധിക തുക നൽകിയത് കണക്കാക്കി ഫൈനൽ ബില്ലിൽ നിന്ന് കുറവ് വരുത്തേണ്ടതും തൻ വർഷം നൽകിയ തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. തൻവർഷ ചെലവ് തുകയായ 5,87,406/- രൂപയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടി തുക ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-6 മെഡിക്കൽ ഓഫീസർ പി എച്ച് സി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ, സി എച്ച് സി മുല്ലശ്ശേരി നടപ്പാക്കിയ പദ്ധതിയോടനുബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

പ്രോജക്റ്റ് നം 161/17-18
പ്രോജക്റ്റന്റെ പേര്-വാർഡ് തലത്തിൽ വനിതാവേദി രൂപീകരണവും പ്രാഥമിക കാൻസർ നിർണ്ണയവും.
ബിൽ നം.8/17-18 തി.27-11-17-12,500/-
ബിൽ നം.28/17-18 തി.27-3-18-17,500/-
മേൽ നമ്പർ പ്രോജക്റ്റ് പ്രകാരം വാർഡ് തലത്തിൽ വനിതാവേദി രൂപീകരണവും പ്രാഥമിക കാൻസർ നിർണ്ണയവും നടത്താനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ കാൻസർ ബോധവൽക്കരണക്ലാസാണ് നടത്തിയിട്ടുള്ളത്. 2017-18 പദ്ധതി മാർഗരേഖ പ്രകാരം ബോധവത്കരണ ക്യാമ്പുകൾ പദ്ധതിയുടെ അനിവാര്യ ഘടകമാണ് എങ്കിൽ മാത്രമേ നടത്താൻ പാടുള്ളൂ. വാർഡ് തലത്തിൽ രൂപികരിച്ചിട്ടുള്ള വനിതാവേദിയിലെ അംഗങ്ങൾ, അവരുടെ പേര് വിവരം, ഉദ്ദേശ്യ ലക്ഷ്യം, പ്രവർത്തനം എന്നിവ സംബന്ധിച്ച വിശദാംശങ്ങളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവഹണത്തിൽ മാർഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും അധികചെലവുകൾ നിയന്ത്രിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ഭവന നിർമ്മാണം ലൈഫ് ജനറൽ– അഡ്വാൻസ് തുക കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിച്ചില്ല

പ്രോജക്ട് – ഭവന നിർമ്മാണം- പൂർത്തീകരിയ്ക്കാത്ത വീടുകളുടെ പൂർത്തീകരണം- ലൈഫ് പദ്ധതി (ജനറൽ)

പ്രോജക്റ്റ് നമ്പർ - 85/17-18

നിർവ്വഹണം - വി.ഇ.ഒ
ബിൽ നം 2/17-18 തി.12-2-18
ചെലവ് തുക 6,40,000 /-

മേൽ പദ്ധതി പ്രകാരം ഗുണഭോക്താവായ ലിസി, കുമാരൻ എന്നവർ അഡ്വാൻസ് തുക 1,00,000/- രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. ടിയാരി 2010 -11 വർഷത്തെ ഇ എം എസ് ഭവന പദ്ധതിയുടെ ഗുണഭോക്താവായിരുന്നു.ആയതു പ്രകാരം 22,500/- യും കൈപ്പറ്റിയിരുന്നു. ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം നാളിതു വരെ നല്കിയ തുക പലിശ സഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ പദ്ധതി പ്രകാരം പ്രകാശൻ, കുന്നത്തുള്ളി മുല്ലശ്ശേരി, ശ്രീമതി ഹരിദാസൻ, പോവിൽ ഹൗസ്, പേനകം, സരോജിനി സുരേന്ദ്രൻ, വെട്ടിയറ, അന്നകര എന്നവർക്കു മുഴുവൻ തുകയും നൽകിയിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിച്ച് നമ്പറിങ്ങ് നൽകിയത് സംബന്ധിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 3-8 വാർഡുതല ശുചീകരണ പ്രവർത്തനങ്ങൾ– ചെലവ് രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയി ല്ല. ചെലവ് തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ - 21700303 to 21730022 തിയതി - 04-7-2017
ചെലവ് - 1,12,023/-
പഞ്ചായത്തിലെ 15 വാർഡുകളിലെയും മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ആകെ 1,12,023/- രൂപ വിവിധ വാർഡ് മെമ്പർമാർക്ക് കൈമാറിയിട്ടുണ്ട്. വാർഡുമെമ്പർമാർ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും ചെലവ് സംബന്ധിച്ച രേഖകളും, വിനിയോഗ സാക്ഷ്യപത്രങ്ങളും ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 1,12,023/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിലെ അംഗൻവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | | എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്തിലെ അംഗൻവാടികളുടെ എണ്ണം | 25 | |
| 2 | അംഗൻവാടി കുട്ടികളുടെ എണ്ണം | 243 | |
| 3 | സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 19 | |
| 4 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 6 | |
| 5 | അംഗൻവാടി കെട്ടിടം സുരക്ഷിതത്വമുള്ളതാണെന്ന് L.S.G.D. എഞ്ചിനീയർ/ഓവർസീയർ സാക്ഷ്യപ്പെടുത്തിയത് | 21 | |
| 6 | അംഗൻവാടി കെട്ടിടം സുരക്ഷിതത്വമുള്ളതല്ലെന്ന്L.S.G.D. എഞ്ചിനീയർ/ഓവർസീയർ സാക്ഷ്യപ്പെടുത്തിയത് | 4 | |
| 7 | ശൗച്യാലയങ്ങളുള്ളത് | 23 | |
| 8 | ചുറ്റുമതിലുള്ളത് | 13 | |
| 9 | വൈദ്യുതീകരിച്ചത് | 19 | |
| 10 | വാട്ടർ കൺക്ഷനുള്ളത് | 16 | |
| 11 | ധാന്യ സംഭരണിയുള്ളത് | 25 | |
| 12 | എൽ.പി.ജി. കണക്ഷനുള്ളത് | 25 | |
| 13 | ബേബി ഫ്രണ്ട്ലിയായത് | 17 | |

| | | | |
|---|---|---|---|
| 14 | 31-03-2018 തിയ്യതിയിൽ അംഗൻവാടി പോഷകാഹാര വിതരണത്തിനായി കേന്ദ്രവിഹിതമായി അനുവദിച്ച തുകയിൽ, ഗ്രാമപഞ്ചായത്ത് കൈവശം നീക്കിയിരിപ്പുള്ള തുക | 346581 | |
| 15 | നിരീക്ഷണ കമ്മിറ്റി രൂപികരിച്ച അംഗൻവാടികളുടെ എണ്ണം | 25 | |
| 16 | നിരീക്ഷണ കമ്മിറ്റി യോഗങ്ങളുടെ എണ്ണം | 75 | |
| 17 | അംഗൻവാടിയിൽ വിതരണം പോഷകാഹാരം സംബന്ധിച്ച്, നിരീക്ഷണ കമ്മിറ്റി പരാതിയെന്തെങ്കിലും അറിയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം | ഇല്ല | |
| 18 | സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18/12/2010-ലെ ഐ.സി.ഡി.എസ്.ബി-3 -312/2010 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം ടി.എച്ച്.ആർ.എസ്. ഭക്ഷ്യമിശ്രിതം പരിശോധിച്ചതിന്റെ വിശദാംശം | അപാകതയില്ല | |

മേൽ വിശദാംശത്തിൽ നിന്നും പഞ്ചായത്തിലെ 4അങ്കണവാടിക്ക് സ്വന്തമായി കെട്ടിടം ഇല്ലായെന്ന് വ്യക്തമാകുന്നത്. കൂടാതെ സ്വന്തമായി കെട്ടിടം ഉള്ള അങ്കണവാടികൾക്കും, ചുറ്റുമതിൽ, ബേബി ഫ്രണ്ട്ലി ടോയിലറ്റ് എന്നീ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഉള്ളതായിട്ടാണ് മേൽ കണക്കുകളിൽ നിന്ന് വ്യക്തമാകുന്നത്. കേന്ദ്രവിഹിതമായി അനുവദിച്ച തുകയിൽ ഗ്രാമപഞ്ചായത്ത് കൈവശം 3,46,581/- രൂപ നീക്കിയിരിപ്പുള്ളതായിട്ടാണ് വാർഷിക കണക്കിൽ നിന്നും വ്യക്തമാക്കുന്നത്. ഈ തുക സ ഉ നം 39033/ഡി സി.2/2010 ത.സ്വ.ഭ.വ 3/9/10 ന് വിധേയമായി അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവികസനത്തിന് വിനിയോഗിക്കാവുന്നതാണ്. സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചുനല്കുന്നതിനും unfit ആയ കെട്ടിടങ്ങൾ fit ആക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിലേക്കും പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അവലോകനം.

2017-18 വർഷം പൊതുമരാമത്ത് പ്രവൃത്തികളിൽ ആകെ അടങ്കൽ തുക 2,89,50,991/- രൂപയും ആകെ ചെലവ് 1,77,06,105/- രൂപയുമാണ്. സ്പിൽ ഓവർ പദ്ധതികൾ 46 ഉം 53ഉം ഉൾപ്പെടെ മൊത്തം 99 പ്രവൃത്തികൾക്ക് ആംഗികാരം ലഭിച്ചിട്ടുണ്ട്. ആയതിൽ 76 പ്രോജക്ടുകൾ പൂർത്തീകരിച്ചു. 2 പ്രോജക്ടുകൾ ഭാഗികമായി നടപ്പാക്കി. 17 പ്രോജക്ടുകൾ സ്പിൽ ഓവർ ആക്കുകയും 4 പ്രോജക്ടുകൾ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

കൈമാറികിട്ടിയ കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ, റോഡ് ടാറിംഗ്, റീ- ടാറിംഗ് കലുങ്ക് നിർമ്മാണം, സംരക്ഷണഭിത്തി, കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപണികൾ തുടങ്ങിയ പദ്ധതികളാണ് 2017-18 വർഷത്തിൽ പൊതുമരാമത്തു പ്രവൃത്തികളിൽ ഉൾപ്പെടുത്തി ചെയ്തിട്ടുള്ളത്.

പഞ്ചായത്തിൽ നിന്നും തൻവർഷം റോഡ് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങി നൽകിയിട്ടില്ല. കരാറുകാർ ബിറ്റുമിൻ നേരിട്ട് വാങ്ങി 38 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. കാലിടാർ വീപ്പ വില്പന ഇനത്തിൽ ലഭിച്ച 1,34,618/- രൂപ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്.

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. ഭൂരിഭാഗം പ്രോജക്ടുകളും യഥാ സമയം പൂർത്തീകരിച്ചിട്ടില്ല. സമയ ബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരിൽ നിന്നും കരാറിൽ രേഖപ്പെടുത്തിയിട്ടുള്ള രീതിയിൽ 1% പിഴ ബില്ലിൽ കുറവ് ചെയ്തിട്ടുള്ള തുകയാണ് കരാറുകാർക്ക് നൽകിയിട്ടുള്ളത്. പ്രവൃത്തികൾ കരാറിൽ പറഞ്ഞിരിക്കുന്ന പരിധിയിൽ തീർപ്പാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. ജി.ഒ(എം.എസ്)നം.72/2017/ത.സ്വ.ഭ.വ തി.29.3.2017.ഖണ്ഡിക നം14.6-4.,14.7.,14.8 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വരുംവർഷങ്ങളിൽ മേൽ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 225000 | 95/18 നെൽകൃഷി കൂലിചെലവ് | 225000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 157000 | 75/18ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 157000 | 0 |
| ജില്ല പഞ്ചായത്ത് | 2017-18 | 200000 | 75/18ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 53000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 53000 | 0 |
| ജില്ല പഞ്ചായത്ത് | 2017-18 | 20000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 20000 | 0 |
| ജില്ല പഞ്ചായത്ത് | 2017-18 | 1500000 | " " | 1500000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 നിൽ ടി തുക ഉൾപ്പെട്ടിട്ടില്ല. അഡ്വാൻസ് രജിസ്റ്ററിലും ഉൾപ്പെട്ടിട്ടില്ല. വാർഷിക കണക്കും അഡ്വാൻസ് രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അപാകത വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽനമ്പർ/ തീ. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻഎക്സ്റ്റൻഷൻ | 19/17-18 /17-01-2018 | 413404 | - | 413404 |
| K.W.A | - | - | 1,16,000(മുൻ വർഷത്തെ നീക്കിയിരിപ്പ്) | - | 116000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ഊരകം കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി | ചെക്ക് നം. 7428290/08.12.2017 | 2,40,000/- 1,43,500/-(OB) | - | 383500 |

പ്രസിഡന്റ്, വി.ഇ.ഒ. എന്നിവയുടെ സംയുക്ത അക്കൗണ്ടിൽ ലോൺ തുകയിൽ ചെലവഴിക്കാതെ ബാക്കിയുണ്ടായിരുന്ന 2,27,837/- രൂപ കവിച്ച് ബാക്കി തുകയാണ് (3,09,368/-) പ്രോജക്റ്റ് പ്രകാരം തിരിച്ചടവാക്കിയത്. ലോൺ തിരിച്ചടവ് പൂർത്തിയാക്കി (കമ്മിറ്റി തീരുമാനം നം. 16/1 തിയ്യതി 22.11.2017).

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | 521/2010/ ത.സ്വ.ഭ.വ. തീയ്യതി 17.2.10 | 4856122 | 537205 | 537205 | - | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റ് B-12 ഷെഡ്യൂൾ പ്രകാരം 5,000/- രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനായി രജിസ്റ്റർ, സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,53,45,956 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,30,18,782 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 15,42,833 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 3,90,000 | എ.എം.പങ്കജം, സെക്രട്ടറി |
| | 4,53,404 | ലിൻസ് ഡേവിഡ്.വി., സെക്രട്ടറി |
| 3-5 | 5,87,406 | എ.എം.പങ്കജം, സെക്രട്ടറി |
| 3-8 | 1,12,023 | എ.എം.പങ്കജം, സെക്രട്ടറി |
| ആകെ | 15,42,833 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | | |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| 68-69 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 1 |
| 72-73 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 3 |
| 73-74 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 9 |
| 75-76 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 19 |
| 76-77 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 21 |
| 77-78 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 10 |
| 78-79 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 7 |
| 79-80 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 7 |
| 80-81 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 14 |
| 81-82 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 10 |
| 82-83 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 8 |
| 83-84 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 16 |
| 84-85 | എൽ.എഫ്.ടി.11-1802/83 തീയതി.02/09/03 | 9 |
| 85-86 | എൽ.എഫ്.ടി.11 -1199/91 തീയതി.20-7-92 | 26 |
| 86-87 | എൽ.എഫ്.ടി.11- 1316/92 തീയതി.09/10/92 | |
| 88-89 | എൽ.എഫ്.ടി.11- 1316/92 തീയതി.09/10/92 | 35 |
| 89-90 | എൽ.എഫ്.ടി.11-1316/92 തീയതി.09/10/92 | |
| 90-91 | എൽ.എഫ്.ടി.11- 262/96 തീയതി. 21.12.96 | 29 |
| 91-92, 92-93, 93-94 | എൽ.എഫ്.ടി.11- 262/96 തീയതി.21/12/96 | 27 |
| 94-95,95-96 | എൽ.എഫ്.ടി.21-355/98 9/11/98- 1802/83 തീയതി.02/09/03 | 28 |
| 96-97 | എൽ.എഫ്.ടി.11-1802/83 തീയതി.02/09/03 | 24 |
| 97-98 | എൽ.എഫ്.ടി.15/839/98 തീയതി.31/12/98 | |
| 98-99 | എൽ.എഫ്.ടി.15/631/2000 തീയതി.7-8-2000 | |
| 99-00 | എൽ.എഫ്.ടി.15-245/03 തീയതി. 6-9-03 | |
| 00-01 | എൽ.എഫ്.ടി.15-1056/04 തീയതി.7-1-2004 | |
| 01-02 | എൽ.എഫ്.ടി.15-1057/04 തീയതി. 17-1-04 | |
| 02-03 | എൽ.എഫ്.ടി.15-353/05 തീയതി.3-8-09 | |
| 03-04 | എൽ.എഫ്.ടി.15- 1875/06 തീയതി.30-5-07 | |
| 04-05 | എൽ.എഫ്.ടി.15-1964/08 തീയതി. 14-9-09 | |
| 05-06 | എൽ.എഫ്.ടി.15-1965/08 തീയതി. 14-09-09 | |
| 06-07 | എൽ.എഫ്.ടി.15 തീയതി. 29.11.10 | |
| 07-08 | എൽ.എഫ്.ടി.പി.7-1811/10 തീയതി. 31-5-11 | |
| 08-09 മുതൽ10-11 | എൽ.എഫ്.ടി.പി.1-2180/12 തീയതി.11-3-13 | |
| 11-12 | എൽ.എഫ്.ടി.5-200/13 തീയതി.3-4-14 | |
| 12-13 | എൽ.എഫ്.ടി.പി.5-1286/14 തീയതി.9-1-2015/24-3-15 | |
| 13-14 | കെ.എസ്.എ.-ടി.എസ്.ആർ.-(പി5)750/15 തീ.6-10-15 /12-10-15 | |
| 14-15 | കെ.എസ്.എ.-ടി.എസ്.ആർ.-(പി5)-1254/16 തീ.26-7-16/30-7-16 | |
| 2015-16 | കെ.എസ്.എ.-ടി.എസ്.ആർ.(പി5)-124/17 | |

| | | |
|---|---|---|
| | തീ.2-2-17/10-2-17 | |
| 2016-17 | കെ.എസ്.എ.-ടി.എസ്.ആർ.(പി5)-1565/2017 തീ.24.11.17/15.12.17 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ.(പി5)141 /2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020.
ഫോൺ- 0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി :06.05.2019

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

No. KSA-TSR(P5)141 /2019

Kerala State Audit Department,

District Audit Office,
Thrissur- 680 020.
Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated:06.05.19

## AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Mullassery Grama panchayat in Thrissur District for the year ended on 31.03.2018 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Mullassery Grama Panchcyat for the year 2017-18 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director,

District Audit Office,
Thrissur.

## അനുബന്ധം -2

## ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ